കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള ഹൈക്കോടതിയിലെ WP (C) 5658/13 എന്ന കേസ് നടത്തിപ്പിനായി അഭിഭാഷകനായ അഡ്വ. ഗ്രേഷ്യസ് കുര്യാക്കോസിന് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം. 367/2014/തസ്വഭവ. തിരുവനന്തപുരം, തിയതി, 10.02.2014.

പരാമർശം:- 1. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.05.2013, 08.11.2013 തീയതികളിലെ ഡി പി1/655/2013 നമ്പർ കത്തുകൾ.

2. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.12.2013 ലെ എ 8 -5930/13 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ദാരിദ്ര്യ ലഘൂകരണ വിഭാഗം ആഫീസിൽ റോളർ ഡ്രൈവറായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. റ്റി.കെ. ഗണേശൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 5658/2013-ാം നമ്പർ കേസിന്റെ നടത്തിപ്പിനായി ഹൈക്കോടതി അഭിഭാഷകനായ ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസിനെ വയനാട് ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തുകയുണ്ടായി. ടിയാൻ 12,000/- രൂപ ഫീസായി ആവശ്യപ്പെടുകയും നിയമാനുസൃതം അനുവദിക്കാവുന്ന 3,000/- രൂപ വയനാട് ജില്ലാ പഞ്ചായത്ത് അനുവദിക്കുകയും ചെയ്തു. ബാക്കി തുകയായ 9,000/- രൂപ അഭിഭാഷകന് നൽകുന്നതിനുള്ള അനുവാദം നൽകണമെന്ന് പരാമാർശം (1) ലെ കത്തുകൾ പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കേസിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി വക്കീൽ ഫീസായി ആദ്യ ഗഡുവായി നിശ്ചയിച്ചിരുന്ന 12000/- രൂപയിൽ വക്കീലിന് കൊടുത്ത 3000/- രൂപ കുറച്ച് ബാക്കി വരുന്ന 9000/- രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമാർശം (2) ലെ കത്തിലൂടെ അറിയിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയിലെ WP (C) 5658/13-ാം നമ്പർ കേസ് നടത്തിപ്പിനായി അഭിഭാഷകനായ അഡ്വ.ഗ്രേഷ്യസ് കുര്യാക്കോസിനെ ചുമതലപ്പെടുത്തിയ വകയിൽ ഫീസിനത്തിൽ നൽകാനുള്ള കുടിശ്ശിക തുകയായ 9,000/- രൂപ വയനാട് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, വയനാട്
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ